**പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം) നടപടിക്രമം**

വിഷയം:- ജീവനക്കാര്യം - പൊ.മ.വ - മൂന്നാംഗ്രേഡ് ഓവർസിയർമാരായ ശ്രീ. ബാലഗോപാലൻ.വി.എം, ശ്രീമതി. പുഷ്പ.പി.വി. എന്നിവരുടെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 07/11/2012 ലെ ഉത്തരവ് നമ്പർ എസ് സി4/18334/06
2. 09/10/2017 ലെ ശ്രീ. ബാലഗോപാലൻ വി.എം ന്റെ നിവേദനം
3. 09/10/2017 ലെ ശ്രീമതി. പുഷ്പ. പി.വിയുടെ നിവേദനം

**ഉത്തരവ് നമ്പർ എസ്.സി4/18334/06/Part തീയതി 19/10/2017**

സൂചന (1) പ്രകാരം 01/04/1990 മുതൽ 31/12/1997 വരെയുള്ള മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. ബ്രാലഗോപാലൻ വി.എം ന്റെ റാങ്ക് നമ്പർ 374 ആയും ശ്രീമതി. പുഷ്പ. പി.വി യുടെ റാങ്ക് നമ്പർ 375 ആയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എന്നാൽ സൂചന (2), (3) പ്രകാരമുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 18/07/2003 ലെ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് നമ്പർ ഇബി5-20429/01 പ്രകാരം 01/01/1997 മുതൽ 14/08/1998 വരെ താൽക്കാലികമായി സർവ്വീസിൽ ഉള്ള അംഗവൈകല്യമുള്ള ജീവനക്കാരുടെ സർവ്വീസ്, അവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി റഗുലറൈസ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ശ്രീ. ബാലഗോപാലൻ വി.എം 12/02/1999 ലും ശ്രീമതി. പുഷ്പ.പി.വി 14/05/1999 ലുമാണ് സർവ്വീസിൽ പ്രവേശിച്ചത്.

മേൽ സാഹചര്യത്തിൽ 01/04/1990 മുതൽ 31/12/1997 വരെയുള്ള മൂന്നാംഗ്രേഡ് ഓവർസീയർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ (സൂചന -1) **ശ്രീ. ബാലഗോപാലൻ വി.എം ന്റെ സീനിയോറിറ്റി റാങ്ക് നമ്പർ 200(ബി)** ആയി (ശ്രീ. മനോജ്.വി.എം റാങ്ക് നമ്പർ 200(എ) നും, ശ്രീ. രാഘവൻ.റ്റി. എം (റാങ്ക് നമ്പർ 201) നും മദ്ധ്യേ) പുന:ക്രമീകരിച്ചു ഇതിനാൽ ഉത്തരവാകുന്നു.

അതുപോലെ **ശ്രീമതി. പുഷ്പ. പി.വി യുടെ സീനിയോറിറ്റി റാങ്ക് നമ്പർ 200(സി)** ആയി (ശ്രീ. ബാലഗോപാലൻ. വി.എം (റാങ്ക് നമ്പർ 200(ബി) നും ശ്രീ. രാഘവൻ.റ്റി.എം (റാങ്ക് നമ്പർ 201) നും മദ്ധ്യേ) പുന:ക്രമീകരിച്ചു ഇതിനാൽ ഉത്തരവാകുന്നു.

ടി വിവരങ്ങളിൽ പരാതിയോ ആക്ഷേപമോ ഉള്ള ജീവനക്കാർ, ആയത് തെളിയിക്കുന്ന രേഖകൾ ഉൾപ്പെടെ ഈ ഉത്തരവ് പൊതുമരാമത്തുവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച തീയതി തുടങ്ങി 15 ദിവസത്തിനുള്ളിൽ മേലധികാരി മുഖേന സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ആക്ഷേപങ്ങൾ ലഭിക്കാത്തപക്ഷം മേൽ പറഞ്ഞ തീരുമാനം സ്ഥിരപ്പെടുന്നതാണ്.

| റാങ്ക് നമ്പർ | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | നിയമന ഉത്തരവ് | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|
| 200(ബി) | ബാലഗോപാലൻ വി.എം | 01/06/1967 | SSLC, ITI D'man Civil | EB5-25429/2001 Dt.18/07/2003 | 12/02/1999 |
| 200(സി) | പുഷ്പ. പി.വി | 09/05/1970 | SSLC ITI D'man Civil | EB5-25429/2001 Dt.18/07/2003 | 14/05/1999 |

ഒപ്പ്/-
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

സ്വീകർത്താവ്
മേലധികാരി മുഖേന വ്യക്തികൾക്ക്

പകർപ്പ്
ഐ.റ്റി.സെൽ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(പി.എഫ് & സ്പെഷ്യൽസെൽ)